## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.269 | | 19.06.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **നഗരങ്ങളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.എസ്.ശർമ്മ<br>,, സി.കൃഷ്ണൻ<br>,, വി. കെ. സി. മമ്മത് കോയ<br>,, ഐ.ബി. സതീഷ്** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | നഗരങ്ങളുടെ സമഗ്ര വികസനത്തിനായുള്ള അമൃത് പദ്ധതിയുടെ സംസ്ഥാനത്തെ പുരോഗതി അറിയിക്കാമോ; | (എ) | കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ആദ്യഘട്ടമായി 18 മാസങ്ങൾക്കുള്ളിൽ സംസ്ഥാനത്തിനായി 3 വാർഷിക പദ്ധതികൾ (2015-16, 2016-17, 2017-18) തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുത്തു. 2356 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 389 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുളളത്. അതിൽ 96 കുടിവെളള പദ്ധതികൾ (മൊത്തം പദ്ധതി തുകയുടെ 46% വരുന്ന 1081 കോടി രൂപ) കേരള വാട്ടർ അതോറിറ്റി വഴിയാണ് നടപ്പിലാക്കുന്നത്. 630 കോടി രൂപയുടെ 49 സ്വീവറേജ്/സെപ്റ്റേജ് സെക്ടറിലെ പദ്ധതികളിൽ 26 പദ്ധതികൾ (204 കോടി രൂപ) കേരള വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പിലാക്കുന്നത്. കൂടാതെ 382 കോടി രൂപയുടെ 113 സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിലെ പദ്ധതികളും 215 കോടി രൂപയുടെ 60 അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ പദ്ധതികളും 49 കോടി രൂപയുടെ 71 പാർക്ക് സെക്ടറിലെ പദ്ധതികളുമാണ് നടപ്പിലാക്കുന്നത്. പദ്ധതികൾ അതാത് നഗരസഭയുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്.<br>ഡി.പി.ആർ. തയ്യാറാക്കിയ 384 (2239 കോടി രൂപ) പദ്ധതികളിൽ 383 (2232 കോടി രൂപ) എണ്ണത്തിന് ഭരണാനുമതിയും 332 (1527 കോടി) എണ്ണത്തിന് സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. ഇതിൽ 313 പദ്ധതികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് 592 കോടി രൂപയുടെ 164 പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്. |
| (ബി) | കൊച്ചി സ്മാർട്ട്സിറ്റി പദ്ധതിക്ക് എത്ര കേന്ദ്ര സഹായം ലഭിച്ചു; പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | കൊച്ചി സ്മാർട്ട്സിറ്റി പദ്ധതിക്കായി ഇതിനോടകം കേന്ദ്രവിഹിതമായി 196 കോടി രൂപയാണ് അനുവദിച്ചിട്ടുളളത്. പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br>1.നഗരാസൂത്രണ വകുപ്പിന്റെ കീഴിൽ സ്മാർട്ട്സിറ്റി ഏര്യയുടെ ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കി കൊച്ചി കോർപ്പറേഷന് സമർപ്പിച്ചു.<br>2.കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ പങ്കാളിയുമായി കെ.എം.ആർ.എൽ നെ യാണ് നിയോഗിച്ചിട്ടുളളത്. ആയതിന്റെ ഭാഗമായി കെ.എം.ആർ.എൽ താഴെ വിവരിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1 കൊച്ചി വൺ സ്മാർട്ട് കാർഡ് മൊബൈൽ ആപ് - കൊച്ചി മെട്രോയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് കൊച്ചി വൺ സ്മാർട്ട് കാർഡ് & മൊബൈൽ ആപ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്മാർട്ട് കാർഡിനെയും മൊബൈൽ ആപ്പിനെയും യാത്ര ഇതര പൊതുജന സേവനങ്ങളുമായി സംയോജിപ്പിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.<br>2 കൊച്ചി മെട്രോ ജലഗതാഗത പദ്ധതിയായ വാട്ടർ മെട്രോ പ്രോജക്ടിന്റെ ഭാഗമായി സ്മാർട്ട് സിറ്റിയിൽ ഉൾപ്പെടുന്ന |

ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി,സിറ്റി സെൻട്രൽ തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ജലഗതാഗത പദ്ധതി പ്രവർത്തനങ്ങളും നടന്നു കൊണ്ടിരിക്കുന്നു.

3. യന്ത്രേതര ട്രാൻസ്പോർട്ട് (Non Motorised Transport) പദ്ധതികളുടെ ഭാഗമായി മഹാരാജാസ് മെട്രോ സ്റ്റേഷൻ മുതൽ എറണാകുളം ബോട്ട് ജെട്ടിവരെയുള്ള ഹോസ്പിറ്റൽ റോഡിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ പുരോഗമിക്കുന്നു.

3.പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റുമായുള്ള കോൺട്രാക്റ്റ് 2017 സെപ്റ്റംബർ ഏഴാം തീയതി ഒപ്പിട്ടു. പദ്ധതിയുടെ വിവിധ പ്രോജക്റ്റുകളുടെ വിശദ രൂപരേഖ തയ്യാറാക്കുവാനും ടെൻഡർ ചെയ്യുവാനുമുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. ഇതിൽ ഏകദേശം 461 കോടി രൂപയുടെ പ്രോജക്റ്റുകളുടെ ടെൻഡർ നടപടികൾ ധ്രുതഗതിയിൽ നടക്കുന്നു. ചുവടെ കൊടുത്തിരിക്കുന്ന മേഖലകളിലെ പ്രോജക്റ്റുകളാണ് ടെൻഡർ ചെയ്തുകൊണ്ടിരിക്കുന്നത്.

- സ്മാർട്ട് ക്ലാസുകൾ
- നഗരത്തിൽ സ്മാർട്ട് വൈഫൈ
- റോഡുകൾ നടപ്പാതകൾ
- പബ്ളിക് ബൈസൈക്കിൾ ഷെയറിങ്ങ്
- സോളാർ റൂഫ് ടോപ് പ്രോജക്റ്റുകൾ
- എൽ.ഇ.ഡി ലൈറ്റുകൾ
- ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം
- സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റുകൾ
- കമാൻഡ് കൺട്രോൾ സെന്റർ
- സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്തെ സ്കൂളുകൾ, ഹോസ്പിറ്റലുകൾ എന്നിവയുടെ വികസനം.

(സി) തലസ്ഥാനം വികസിത നഗരമാക്കാൻ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; പദ്ധതി രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; കേന്ദ്ര സർക്കാരിൽ നിന്നുള്ള വിഹിതമെത്രയാണ്;ഇത് ലഭിച്ചിട്ടുണ്ടോ?

(സി) തലസ്ഥാനം വികസിത നഗരമാക്കാൻ തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ കീഴിൽ ആകെ 43 പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

**I ഏര്യവികസന പദ്ധതികൾ**

| ക്രമ നം | പദ്ധതികൾ |
|---|---|
| **എ** | **അടിസ്ഥാന സൗകര്യവികസനം** |
| 1 | തുടർച്ചയായ പൈപ്പ് വെള്ളംലഭ്യമാക്കൽ |
| 2 | പൂർണ്ണമായ ഡ്രയിനേജ് നെറ്റ് വർക്ക് |
| 3 | മഴവെള്ളംഒഴുക്കിവിടുന്നതിനുള്ള ഡ്രയിനേജ് സംവിധാനം |
| 4 | വികേന്ദ്രീകൃത മാലിന്യസംസ്കരണം |
| 5 | പൊതു ശുചിമുറികളുടെ മെച്ചപ്പെടുത്തൽ |
| 6 | ഭൂഗർഭ കേബിൾ ഡക്റ്റ് |
| 7 | കുടിവെള്ള ഫൗണ്ടൻ |
| 8 | മൾട്ടിലെവൽ പാർക്കിംഗ് & കൊമേഴ്സ്യൽ കോംപ്ലക്സുകൾ (4 എണ്ണം) |

| | |
|---|---|
| 9 | തെരുവ് പാർക്കിംഗ് സ്ഥലം |
| 10 | റോഡുകളുടെയും ജംഗ്ഷനുകളുടെയും മെച്ചപ്പെടുത്തൽ |
| 11 | സ്ഥലം സൂചിപ്പിക്കുന്ന സൈൻ ബോർഡുകൾ |
| 12 | വൈഫൈ ഹോട്ട്സ്പോട്ട് സൗകര്യത്തോടെയുള്ള ബസ്സ്സ്റ്റോപ്പുകൾ |
| 13 | ഇ-ഓട്ടോ,ടാക്സി, ബൈസൈക്കിൾ ഷെയറിംഗ് |
| 14 | സൈക്കിൾ ട്രാക്ക്, ഫുട്ട്പാത്ത്, റെയിലിംഗ് തുടങ്ങിയവ |
| 15 | വാഹനങ്ങൾ സഞ്ചാരം ഇല്ലാത്ത സോണുകൾ |
| **ബി** | **ഭൂവിനിയോഗം മെച്ചപ്പെടുത്തൽ** |
| 1 | തമ്പാനൂർ റെയിൽവേ കമേഴ്സ്യൽ കോംപ്ലക്സ് |
| 2 | പാളയം മാർക്കറ്റിന്റെ നവീകരണം |
| 3 | സംയോജിതയാത്രാ നോഡ് (ഈസ്റ്റ് ഫോർട്ട് ബസ് സ്റ്റാന്റ്) |
| 4 | ചാലയിൽ വെയർഹൗസിംഗ് സൗകര്യവും കൊമേഴ്സ്യൽ കോംപ്ലക്സും |
| 5 | പുത്തരിക്കണ്ടം ഓപ്പൺ എയർ ഓഡിറ്റോറിയം |
| **സി** | **സംസ്കാരം, പൈതൃകം, ഐഡന്റിറ്റി** |
| 1 | പൈതൃകവീഥി, നഗരസൗന്ദര്യവൽക്കരണം, ചുമർചിത്രം തുടങ്ങിയവ |
| 2 | ഇൻഫർമേഷൻ കിയോസ്ക്, ഡിസ് പ്ലേ ബോർഡ് |
| 3 | പൈതൃകസംരക്ഷണം (സ്മാരകസംരക്ഷണം, പ്രതിമകൾ, ക്ലോക്ക് ടവർ ഗേറ്റ് വേ തുടങ്ങിയവ) |
| 4 | ചാല മാർക്കറ്റ് നവീകരണം |
| 5 | ശ്രീ പത്മനാഭസ്വാമി ക്ഷേത്ര പുനരുദ്ധാരണം |
| 6 | വൈഫൈ ലോഞ്ചുകൾ |
| 7 | ചരിത്ര വീഥി |
| 8 | സാംസ്കാരികവീഥി (മാനവീയം വീഥി) |
| 9 | പൈതൃകം - അഗ്രഹാരങ്ങളുടെ സംരക്ഷണം |
| **ഡി** | **പരിസ്ഥിതിസംരക്ഷണം** |
| 1 | അനന്ത ഫേയ്സ് 2 |
| 2 | ഹരിത പാർക്കുകളും നടപ്പാതകളും (ശാന്തിനഗർ പാർക്ക്, ചിൽഡ്രൻസ് പാർക്ക്, ഇ.കെ.നായനാർ പാർക്ക്, പൊന്നറ ശ്രീധർ പാർക്ക്, ഗാന്ധി പാർക്ക്, ശ്രീകണ്ഠേശ്വരം പാർക്ക് |
| 3 | സുസ്ഥിര കാമ്പസുകൾ (സോളാർ, മഴവെള്ള സംഭരണി, പബ്ലിക്ബൈക്ക് ഷെയറിംഗ്) |
| **ഇ** | **സാമൂഹ്യ സാമ്പത്തിക ഉൾക്കൊളളിക്കൽ (inclusiveness)** |
| 1 | സംയോജിത സോഷ്യൽ ഹൗസിംഗ് കോംപ്ലക്സ് |
| 2 | അങ്കൺവാടികളുടെയും പി.എച്ച്.സികളുടെയും നിലവാരം |

| | |
|---|---|
| | ഉയർത്തൽ |
| 3 | തെരുവ് കച്ചവടസോൺ |

**II.പാൻസിറ്റി വികസന പദ്ധതികൾ**

| ക്രമ നം | പദ്ധതികൾ |
|---|---|
| 1 | സെൻട്രലൈസ്ഡ് കമാന്റ് കണ്ട്രോൾസെന്റർ |
| 2 | സ്മാർട്ട് വാട്ടർ നെറ്റ് വർക്ക് |
| 3 | ട്രാഫിക്ക്, ഗതാഗതം (സ്മാർട്ട് പാർക്കിംഗ്, സൈൻ ബോർഡ്) |
| 4 | സ്മാർട്ട് കൊതുക് സാന്ദ്രത സംവിധാനം |
| 5 | മാലിന്യ സംസ്കരണ വിവര പരിപാലന കേന്ദ്രം |
| 6 | നഗര സുരക്ഷിതത്വവും സംരക്ഷണവും (സി.സി.ടി.വി സ്ട്രീറ്റ് ലൈറ്റ്) |
| 7 | ഇ-ഗവേണൻസ് പോർട്ടൽ |
| 8 | ദുരന്തനിവാരണം (പ്രാദേശികമുന്നറിയിപ്പ്, പ്രതികരണ സംവിധാനം) |

ആർ.എഫ്.പി (Request for Proposal) പ്രകാരം പദ്ധതിയുടെ നിർവ്വഹണ കാലാവധി മൂന്ന് വർഷമാണ്. സ്മാർട്ട് സിറ്റി പദ്ധതിയുടെ നിർവ്വഹണത്തിനു വേണ്ടി സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും പദ്ധതികളുടെ നിർവ്വഹണത്തിനു വേണ്ടിയുള്ള കൺസൾട്ടന്റായി ഐ.പി.ഇ ഗ്ലോബൽ - ജെ.എൽ.എൽ കൺസോർഷ്യത്തെ തെരഞ്ഞെടുത്തിട്ടുമുണ്ട്. പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ടെക്നിക്കൽ കമ്മിറ്റി കൂടി ഫാസ്റ്റ് ട്രാക്ക് പ്രോജക്ടുകളുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന പ്രക്രിയകൾ നടന്നു വരുന്നു. കേന്ദ്ര സർക്കാരിന്റെ വിഹിതമായ 500 കോടി രൂപയാണ് പദ്ധതിയ്ക്കുവേണ്ടി മാറ്റി വച്ചിട്ടുള്ളത്. അതിൽ കേന്ദ്ര അർബൻ വികസന ഭവന നിർമ്മാണ മന്ത്രാലയത്തിൽ നിന്ന് പ്രോജക്ട് ഷെയറായി 16 കോടി രൂപയും A&OE(Administrative and Office Expense) ആയി 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

അമൃത് പദ്ധതിയിലുൾപ്പെടുത്തി 357.5 കോടി രൂപയുടെ 51 പദ്ധതികളാണ് തിരുവനന്തപുരം കോർപ്പറേഷനായി നടപ്പിലാക്കുന്നത്. ഇതിൽ 41 പദ്ധതികൾക്ക് (262.74 കോടി) സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളിൽ 39 പദ്ധതികളുടെ (243.93 കോടി) ടെന്റർ നടപടി പൂർത്തികരിച്ച് 22 പദ്ധതികളുടെ (146.10 കോടി) വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. 50% കേന്ദ്ര വിഹിതം 30% സംസ്ഥാന വിഹിതം 20% തദ്ദേശ സ്ഥാപനങ്ങൾ എന്ന ക്രമത്തിലാണ് അമൃത് പദ്ധതിയുടെ ഫണ്ടിംഗ്. സംസ്ഥാനത്തെ 9 അമൃത് നഗരങ്ങൾക്കായി കേന്ദ്ര വിഹിതത്തിലെ ആദ്യ ഗഡുവായ 20% (232 കോടി) ലഭ്യമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ